# നവോത്ഥാനത്തിന്റെ വിവക്ഷ

കാലദൈർഘ്യത്താലോ ബാഹ്യശക്തികളുടെ സമ്മർദംകൊണ്ടോ ഇസ്‌ലാമിക സമൂഹത്തിലും അവരുടെ ജീവിതത്തിലും കടന്നുകൂടിയ അനിസ്‌ലാമികാംശങ്ങളെ തുടച്ചുമാറ്റുകയും ദീനിൽ അവഗണിക്കപ്പെട്ട വശങ്ങൾ യഥാസ്ഥാനത്ത് പുനഃപ്രതിഷ്ഠിക്കുകയും ചെയ്തുകൊണ്ട് ഇസ്‌ലാമിനെ അതിന്റെ തനതായ രൂപത്തിൽ പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളെയാണ് ഇസ്‌ലാമിക നവോത്ഥാനംകൊണ്ട് വിവക്ഷിക്കുന്നത്. വ്യത്യസ്ത രൂപത്തിലും ഭാവത്തിലും നിലനില്ക്കുന്ന ജാഹിലിയ്യതുകൾക്കെതിരെയുള്ള സന്ധിയില്ലാ സമരമാണത്. ആ അർഥത്തിൽ പ്രവാചകന്മാർ ഇസ്‌ലാമിന്റെ സംസ്ഥാപനത്തിനായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഇസ്‌ലാമിക നവോത്ഥാനം. എന്തുകൊണ്ടെന്നാൽ മനുഷ്യനോടൊപ്പം ഭൂമുഖത്ത് ആഗതമായ ദൈവിക മാർഗദർശനമാകുന്ന ഇസ്‌ലാമിനെ കാലാന്തരേണ പുറമേനിന്ന് വന്നുകൂടിയ ജാഹിലിയ്യതിന്റെ അംശങ്ങളിൽനിന്ന് മുക്തമാക്കി തനതായ രൂപത്തിൽ പുനഃസ്ഥാപിക്കുന്ന ദൗത്യമായിരുന്നുവല്ലോ എല്ലാ പ്രവാചകന്മാരും നിർവഹിച്ചത്. അതിനാൽ ഇസ്‌ലാമിലെ നവോത്ഥാന സംരംഭങ്ങളെ പൊതുവിൽ രണ്ട് ചരിത്ര ഘട്ടങ്ങളായി തിരിക്കാം. നൂഹ്നബി മുതൽ മുഹമ്മദ്നബി വരെയുള്ള പ്രവാചകന്മാരുടെ ഘട്ടവും തിരുമേനിക്ക് ശേഷമുള്ള ഘട്ടവും. ഇസ്‌ലാമിന്റെ മൗലികാദർശങ്ങളിൽ ഊന്നിനിന്നുകൊണ്ട് തങ്ങളുടെ സമൂഹം അകപ്പെട്ടുപോയ മുഖ്യ തിന്മകൾക്കെതിരെയായിരുന്നു എല്ലാ പ്രവാചകന്മാരുടെയും പോരാട്ടം. തന്റെ സമൂഹത്തിന്റെ പരിഷ്കരണമാണ് തന്റെ ലക്ഷ്യമെന്ന് തുടക്കത്തിൽ ഉദ്ധരിച്ച ഖുർആനിക സൂക്തത്തിൽ ശുഐബ് നബി അസന്ദിഗ്ധമായി പ്രഖ്യാപിച്ചത് ഇവിടെ ശ്രദ്ധേയമാണ്. അതിനാൽ ഏറ്റവും വലിയ പരിഷ്കർത്താക്കളും നവോത്ഥാന നായകരുമായിരുന്നു പ്രവാചകൻമാർ. പ്രവാചകന്മാരിലൂടെയുള്ള ഈ പരിഷ്കരണ ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ്നബി. മുഹമ്മദ്നബിയോടുകൂടി പ്രവാചകത്വ പരമ്പര അവസാനിച്ചുവെങ്കിലും ഇസ്‌ലാമും ജാഹിലിയ്യതും തമ്മിലുള്ള വടംവലി അവസാനിക്കുന്നില്ല. അതിനാൽ ജാഹിലിയ്യതിനെതിരായ പോരാട്ടവും തനതായ രൂപത്തിലുള്ള ഇസ്‌ലാമിന്റെ പുനഃസ്ഥാപനവും അനുസ്യൂതമായി നടക്കേണ്ട പ്രക്രിയയാണ്. നവോത്ഥാന സംരംഭങ്ങളാണ് ഈ പ്രക്രിയയെ മുന്നോട്ട് കൊണ്ടുപോകുന്നത്. "എന്റെ സമുദായത്തിലെ പണ്ഡിതന്മാർ ബനൂ ഇസ്റാഈലിലെ പ്രവാചകന്മാർക്ക് തുല്യരാണെ"ന്ന നബിവചനം നവോത്ഥാനം പ്രവാചക ദൗത്യത്തിന്റെ തുടർച്ചയാണെന്ന് സൂചിപ്പിക്കുന്നു. പതനങ്ങൾക്കെതിരെയുള്ള ഇസ്‌ലാമികാദർശത്തിന്റെ ഒരു സ്വയം പ്രതിരോധ നടപടിയായി നവോത്ഥാനത്തെ മനസ്സിലാക്കുന്നതിലും തെറ്റില്ല. ഇസ്‌ലാമിക ചരിത്രത്തിന്റെ അവിഭാജ്യ ഘടകമായ ഇസ്‌ലാമും ജാഹിലിയ്യതും തമ്മിലുള്ള സംഘട്ടനത്തിന് മൂർത്തരൂപം നല്കുന്നതും നവോത്ഥാനമാണ്. ഇസ്‌ലാമിനെ കാലാതിവർത്തിയായി നിലനിർത്തുന്നതിലും മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടങ്ങളോടും സാഹചര്യങ്ങളോടും സർഗാത്മകമായി പ്രതികരിക്കാൻ അതിനു ശേഷി നല്കുന്നതിലും നവോത്ഥാന സംരംഭങ്ങൾക്ക് സാരമായ പങ്കുണ്ട്. "പുണ്യത്തിലേക്ക് ക്ഷണിക്കുകയും ധർമശാസനം നടത്തുകയും തിന്മ തടയുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാകുന്നു"(3: 104) എന്ന ഖുർആനിക സൂക്തം നവോത്ഥാനത്തിന്റെ അനിവാര്യതയിലേക്കും ആവശ്യകതയിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക (അംറുൻ ബിൽമഅ്റൂഫി വ നഹ്യുൻ അനിൽമുൻകർ) എന്ന ഖുർആനിക പാഠത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരണവും സമുദ്ധാരണവും നിർബന്ധ ബാധ്യതയാണെന്ന് പ്രമുഖ പണ്ഡിതന്മാർ ഗണിക്കുന്നു. പ്രവാചകന്മാർ തങ്ങളുടെ സമൂഹത്തിന്റെ നവോത്ഥാനത്തിനായി പുതിയ ശരീഅതുമായി ആഗതരായപ്പോൾ മുഹമ്മദ്നബിക്ക് ശേഷമുള്ള നവോത്ഥാന നായകർ സമൂഹത്തിന്റെ സമുദ്ധാരണാർഥം ഖുർആനിലും സുന്നതിലും ഊന്നിനിന്നുകൊണ്ട് സ്വന്തം ധിഷണയിലൂടെ നിലവിലുള്ള ശരീഅതിന്റെ വികാസക്ഷമത ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്.